# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1370 30.01.2018** ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>കേരള സർവ്വകലാശാലയുടെ പരീക്ഷാമൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും</u>**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. എൻ. എ ഖാദർ : | പ്രൊഫ. സി രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളുടെ പരീക്ഷാമൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും വൈകുന്നത് കാരണം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇത് പരിഹരിക്കുവാൻ ഉചിതമായ നടപടി സർവ്വകലാശാല സ്വീകരിച്ചുവരുന്നു. |
| (ബി) | മറ്റു സർവ്വകലാശാലകൾ സമയബന്ധിതമായി മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നടത്തുമ്പോൾ കേരള സർവ്വകലാശാലയിൽ ഇതിന് വളരെയധികം കാലതാമസമുണ്ടാകുന്നതിന്റെ കാരണം പരിശോധിക്കുമോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഉത്തരക്കടലാസുകൾ മൂല്യ നിർണ്ണയം നടത്തുന്നതിന് പ്രതിഫലം നൽകുന്നതു സംബന്ധിച്ച് നിലനിന്നിരുന്ന അവ്യക്തത കാരണവും<br>റഗുലർ വിദ്യാർത്ഥികളൊഴികെ ഇംപ്രൂവമെന്റ് / സപ്ലിമെന്ററി പരീക്ഷകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണയം നടത്തേണ്ട അദ്ധ്യാപകരുടെ കുറവും സമയ ബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിന് കാലതാമസമുണ്ടാക്കിയിരുന്നു.<br><br>എന്നാൽ ഒന്നാം സെമസ്റ്റർ ബി.എ. / ബി.എസ്.സി / ബി.കോം 2017 സപ്ലിമെന്ററി ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഒന്നാം സെമസ്റ്റർ ബി.എ. /ബി.എസ്.സി. 2017 |

| | | | |
|---|---|---|---|
| | | | പരീക്ഷയുടെ മൂല്യ നിർണ്ണയം 95 ശതമാനം പൂർത്തിയായിട്ടുണ്ട്. മൂല്യനിർണയത്തിനു അനുബന്ധമായിട്ടുള്ള ടാബുലേഷൻ ജോലികൾ പൂർത്തിയായി വരുന്നു. ഫല പ്രഖ്യാപനം നടത്താനുള്ള രണ്ടാം സെമസ്റ്റർ ജൂൺ 2017, നാലാം സെമസ്റ്റർ ജൂലൈ 2017, അഞ്ചാം സെമസ്റ്റർ ഡിസംബർ 2017 എന്നീ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി 15.01.2018 മുതൽ 31.01.2018 വരെ കോളേജുകളിലെ റഗുലർ ക്ലാസുകൾ റദ്ദ് ചെയ്തു കൊണ്ട് ഒൻപതു കേന്ദ്രങ്ങളിലായി മൂല്യ നിർണ്ണയ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. |

(signed)

സെക്ഷൻ ഓഫീസർ